**April : 10**

# KGBEU OU ബുള്ളറ്റിൻ 45/2023

സഖാക്കളെ,

## വിഷയം: സംയുക്തമായിത്തന്നെ ചർച്ചക്ക് ക്ഷണിച്ചു

നാം തുടർന്നു വരുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി, രാവിലെ മുതൽ ഏകദേശം 200ഓളം സഖാക്കൾ ഹെഡ് ഓഫീസിൽ എത്തിയിരുന്നു. 10 മണിക്ക് ചെയർമാൻ എത്തിയപ്പോൾ മുദ്രാ വാക്യം വിളിച്ചു കൊണ്ട് നാം ഹെഡ് ഓഫീസിൽ പ്രവേശിച്ചു. ചെയർമാന്റെ ക്യാബിനു മുൻപിൽ കുത്തിയിരുപ്പ് തുടങ്ങി.

ഈ സമയം 7പോലീസ് ഉദ്യോഗസ്ഥർ ഓഫീസിലുായിരുന്നു. പോലീസ് ഉദ്യോഗസ്ഥർ സംഘടനാ പ്രതിനിധികളുമായും, മാനേജ്മെന്റുമായും സംസാരിച്ച് മധ്യസ്ഥതക്ക് ശ്രമിച്ചു. അപ്പോൾ മാനേജ്മെന്റ് സ്വീകരിച്ചത് തികച്ചും അഹംഭാവം കലർന്ന നിലപാട് ആയിരുന്നു. ഓഫീസർമാർ മാത്രം ചർച്ചക്ക് വന്നാൽ മതിയെന്ന നിലപാട് ആണ് മാനേജ്മെന്റ് ആദ്യം സ്വീകരിച്ചത്. ഇത് നമുക്ക് ഒരു കാരണവശാലും അംഗീകരിക്കാനാവില്ല എന്ന് നാം വ്യക്തമാക്കി. നാം നമ്മുടെ ആവശ്യത്തിൽ ഉറച്ചു നിന്നപ്പോൾ പോലീസ് സബ് ഇൻസ്പെക്ടർ വന്നു കൊണ്ട് മധ്യസ്ഥ ചർച്ച തുടരുകയും ജീവനക്കാരെ സംയുക്തമായി തന്നെ ചർച്ചക്ക് വിളിക്കണമെന്ന് മാനേജ്മെന്റിനോട് നിർദേശിക്കുകയും ചെയ്തു. അതനുസരിച്ചു മാനേജ്മെന്റ് പിടിവാശി ഉപേക്ഷിച്ചു കൊണ്ട് സംഘടനാ പ്രതിനിധികളെ സംയുക്തമായി തന്നെ ചർച്ചക്ക് വിളിച്ചു. ചർച്ച തുടരുകയാണ്.

## Auto റിലീവ് മാറ്റാൻ പറ്റില്ല എന്ന നിലപാടിൽ മാനേജ്മെൻറും അത് നിർബന്ധമാണ് എന്ന് നമ്മളും ഉറച്ച് നിൽക്കുന്നു.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)